ENTRI

# GURUVAYUR DEVASWOM CLERK

# ANSWER KEY

**13 JULY 2025**



## 102/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. 1576ൽ നടന്ന ഹാൽഡിഘട്ട് യുദ്ധം ആരൊക്കെ തമ്മിലായിരുന്നു?
   - (A) മാൻസിംഗും അക്ബറും തമ്മിൽ
   - (B) റാണ പ്രതാപും അക്ബറും തമ്മിൽ
   - (C) അക്ബറും റാണ സംഗയും തമ്മിൽ
   - (D) ബാബറും റാണ പ്രതാപും തമ്മിൽ

2. തിരുവിതാംകൂറിന്റെ തലസ്ഥാനം 1795ൽ പദ്മനാഭപുരത്ത് നിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയത് ആര്?
   - (A) ധർമ്മരാജ
   - (B) മാർത്താണ്ഡവർമ്മ
   - (C) സ്വാതിതിരുനാൾ
   - (D) സേതു ലക്ഷ്മി ഭായി

3. ഇന്ത്യയുടെ പ്രതിരോധ മന്ത്രി ആര്?
   - (A) രാജ്നാഥ് സിംഗ്
   - (B) അമിത് ഷാ
   - (C) നിർമല സീതാരാമൻ
   - (D) നിതിൻ ഗഡ്കരി

4. ഹസാരിബാഗ് ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏത്?
   - (A) ഛത്തിസ്ഗഢ്
   - (B) പഞ്ചാബ്
   - (C) ജമ്മു കാഷ്മീർ
   - (D) ഝാർഖണ്ഡ്

5. ഇന്ത്യയിലെ ആദ്യത്തെ UNESCO സാഹിത്യ നഗരം ഏത്?
   - (A) തൃശൂർ
   - (B) കോഴിക്കോട്
   - (C) എറണാകുളം
   - (D) തിരുവനന്തപുരം

6. ദേശീയ സ്റ്റാർട്ടപ്പ് ദിനം ആചരിക്കുന്നത് എന്ന്?
   - (A) ജനുവരി 16
   - (B) ജനുവരി 15
   - (C) ജനുവരി 14
   - (D) ജനുവരി 13

7. ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആരംഭിച്ച കേന്ദ്ര സർക്കാർ പദ്ധതി ഏത്?
   - (A) സ്വാന്തനം പദ്ധതി
   - (B) ആശ്വാസം പദ്ധതി
   - (C) ആശാകിരണം പദ്ധതി
   - (D) സമാശ്വാസം പദ്ധതി

8. ഇന്ത്യയിൽ ആദ്യമായി പാലിയേറ്റിവ് കെയർ നയം രൂപീകരിച്ച സംസ്ഥാനം?

(A) ഗുജറാത്ത്
(B) തമിഴ്നാട്
(C) രാജസ്ഥാൻ
(D) കേരളം

9. കേരള ഡിജിറ്റൽ സർവ്വകലാശാല വികസിപ്പിച്ചെടുത്ത എ ഐ പ്രൊസസർ?

(A) കൈരളി
(B) ഐ.ബി.എം.
(C) ഇന്റൽ
(D) എ.എം.ഡി

10. കേരളത്തിലാദ്യമായി ജല ആംബുലൻസ് ആരംഭിച്ച ജില്ല?

(A) എറണാകുളം
(B) തൃശൂർ
(C) ആലപ്പുഴ
(D) തിരുവനന്തപുരം

11. കാണാതാവുന്ന കുട്ടികളെ കണ്ടെത്താൻ സഹായിക്കുന്ന *അലേർട്ട് ഫീച്ചർ* ലോഞ്ച് ചെയ്ത സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ഏതാണ്?

(A) ഇൻസ്റ്റാഗ്രാം
(B) മെറ്റാ
(C) വാട്സാപ്പ്
(D) സ്നാപ്ചാറ്റ്

12. റബ്ബർ ബോർഡ് പ്രോത്സാഹിപ്പിക്കുന്ന ഇലക്ട്രോണിക് ട്രേഡിംഗ് പ്ലാറ്റ്ഫോമിന്റെ പേരെന്താണ്?

(A) cRube
(B) mRube
(C) kRube
(D) iRube

13. ഉത്തർപ്രദേശിലെ ഝാൻസി റെയിൽവേ സ്റ്റേഷന്റെ പുതിയ പേര് -

(A) ഗ്വാളിയാർ റാണി സ്റ്റേഷൻ
(B) വീരാംഗന മണികർണിക സ്റ്റേഷൻ
(C) വീരാംഗന ലക്ഷ്മിഭായി റെയിൽവേ സ്റ്റേഷൻ
(D) ജാൻസി റാണി സ്റ്റേഷൻ

14. 2024 ഏപ്രിലിൽ ഐക്യരാഷ്ട്രസഭയ്ക്കു കീഴിലെ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അംഗീകാരം നേടിയ തുറമുഖം?

(A) കൊച്ചി
(B) കാണ്ട്ല
(C) വിശാഖപട്ടണം
(D) വിഴിഞ്ഞം

15. ലോകബാങ്കിന്റെ സാമ്പത്തിക ഉപദേശക സമിതി അംഗമായി 2024ൽ നിയമിതനായ ഇന്ത്യക്കാരൻ?

(A) നിക്കോളാസ് സ്റ്റേൺ
(B) അജയ് ബംഗ
(C) രാകേഷ് മോഹൻ
(D) യൂജിൻ മേയർ

16. സ്വർണ്ണ കമൽ പുരസ്കാരം നല്കുന്നത് ഏത് വിഭാഗത്തിലാണ്?

(A) മികച്ച സംവിധായകൻ
(B) മികച്ച ജനപ്രിയ സിനിമ
(C) മികച്ച നടൻ
(D) മികച്ച സംഗീതം

17. ടെസ്റ്റ് ക്രിക്കറ്റിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിക്കറ്റു വീഴ്ത്തിയ ബൗളർ ആരാണ്?

(A) ഷെയ്ൻ വോൺ
(B) ജെയിംസ് ആൻഡേഴ്സൺ
(C) മുത്തയ്യ മുരളീധരൻ
(D) അനിൽ കുംബ്ലെ

18. 'അഭിനവ കേരളം' എന്ന പത്രത്തിന്റെ സ്ഥാപകൻ :

(A) വൈകുണ്ഠ സ്വാമികൾ
(B) സഹോദരൻ അയ്യപ്പൻ
(C) ചട്ടമ്പിസ്വാമികൾ
(D) വാഗ്ഭടാനന്ദൻ

19. കുടുംബശ്രീ പദ്ധതി കേരളത്തിൽ ഉദ്ഘാടനം ചെയ്തതാര്?

(A) അടൽ ബിഹാരി വാജ്പേയ്
(B) ഇ.കെ. നായനാർ
(C) കെ. കരുണാകരൻ
(D) ഉമ്മൻ ചാണ്ടി

20. ഹരിത ഗൃഹ വാതകം അല്ലാത്തതേത്?

(A) മീഥെയ്ൻ
(B) ഹൈഡ്രജൻ
(C) നൈട്രസ് ഓക്സൈഡ്
(D) ഓസോൺ

21. അഴിമതി വിരുദ്ധ അതോറിറ്റിയായ ലോക്പാലിൽ എത്ര അംഗങ്ങളാണുള്ളത്?

(A) മൂന്ന്
(B) അഞ്ച്
(C) ഒൻപത്
(D) എട്ട്

22. ഭൂമിയുടെ ഏത് ഭാഗത്തിന് മുകളിലാണ് ഓസോൺ സുഷിരം ആദ്യമായി കണ്ടെത്തിയത്?

(A) ആർട്ടിക്ക
(B) അന്റാർട്ടിക്ക
(C) ആസ്ട്രേലിയ
(D) കാനഡ

23. സുപ്രീം കോടതിയുടെ രൂപീകരണവും ഭരണഘടനയുമായി ബന്ധപ്പെട്ട ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ ഏതാണ്?

(A) 124
(B) 197
(C) 202
(D) ഇവയൊന്നുമല്ല

24. റെയിൽവേ സ്റ്റേഷനുകളിൽ അംഗപരിമിതർക്കും പ്രായമായവർക്കും വീൽ ചെയറുകളും ബാറ്ററി കാറുകളും പോർട്ടർമാരുടെ സേവനവും സൗജന്യമായി ലഭ്യമാക്കാൻ ഇന്ത്യൻ റെയിൽവേ ആരംഭിച്ച പദ്ധതി :

(A) അമൃത് ഭാരത്
(B) വികൽപ്
(C) പേ ഓൺ ഡെലിവറി
(D) യാത്രി മിത്ര സേവ

25. ഇന്ത്യ ഗവൺമെന്റ് വികസിപ്പിച്ചെടുത്ത പുതിയ കോവിഡ് 19 വാക്സിന്റെ പേര്?
(A) ZyCoV-D
(B) mRNA
(C) covishield
(D) covaxin

26. ഐ എസ് ആർ ഒ യുടെ ആദ്യമനുഷ്യ ബഹിരാകാശ യാത്രാ പദ്ധതിയുടെ പേര്?
(A) ഇ ഒ എസ് - 06
(B) ഐ എൻ എസ് - 2 B
(C) ഗഗൻയാൻ
(D) ഐ എൻ എസ് എ ടി - 3DS

27. ഇന്ത്യയിലെ ഏറ്റവും വലിയ കൃത്രിമ തടാകം ഏത്?
(A) ഗോവിന്ദ് ബല്ലഭ് പന്ത് സാഗർ
(B) ബഞ്ചാര തടാകം
(C) ഗൈബ് സാഗർ തടാകം
(D) ജയ്ത് സാഗർ തടാകം

28. കേരളത്തിലെ ആദ്യ കണ്ടൽ മ്യൂസിയം :
(A) നല്ലളം
(B) കൊയിലാണ്ടി
(C) പെരിങ്ങളം
(D) പയ്യോളി

29. ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് വിമുക്ത ഗ്രാമം :
(A) കൽപ
(B) മൗലി
(C) കൊല്ലങ്കോട്
(D) തുരുത്തിക്കര

30. സ്വർണത്തിന്റെ അറ്റോമിക ചിഹ്നം ഏത്?
(A) Au
(B) Ga
(C) Ge
(D) Am

31. പാരാലിമ്പിക്സിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത :
(A) ഭവിന പട്ടേൽ
(B) ആവണി ലേഖര
(C) ദീപ മാലിക്ക്
(D) സാക്ഷി മാലിക്ക്

32. കാറ്റിനെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം അറിയപ്പെടുന്നത്?
(A) എന്റമോളജി
(B) അനിമോളജി
(C) ഇക്തിയോളജി
(D) ഓഫിയോളജി

33. യക്ഷഗാനം ഏത് സംസ്ഥാനത്തിന്റെ ക്ലാസിക്കൽ നൃത്തരൂപമാണ്?
(A) ഗുജറാത്ത്
(B) ഹരിയാന
(C) മധ്യപ്രദേശ്
(D) കർണാടക

34. 2023ലെ വയലാർ അവാർഡ് നേടിയ കൃതി :
(A) മീശ
(B) മാന്തളിരിലെ ഇരുപത് കമ്യൂണിസ്റ്റ് വർഷങ്ങൾ
(C) ജീവിതം ഒരു പെൻഡുലം
(D) ഒരു വെർജീനിയൻ വെയിൽകാലം

35. വേൾഡ് വൈഡ് വെബ്ബിന്റെ ഉപജ്ഞാതാവ് ആര്?

(A) സെർഗി ബ്രിൻ
(B) ടിം ബർണേഴ്സ് ലീ
(C) മൈക്ക് ക്രീഗർ
(D) ജാൻ കോം

36. "ഒന്നേകാൽ കോടി മലയാളികൾ" എന്ന കൃതിയുടെ കർത്താവാര്?

(A) V.T. ഭട്ടതിരിപ്പാട്
(B) E.M.S. നമ്പൂതിരിപ്പാട്
(C) K.M. പണിക്കർ
(D) ലളിതാംബിക അന്തർജനം

37. നോബൽ സമ്മാനം നേടിയ ആദ്യ വനിത?

(A) മേരി ക്യൂറി
(B) മേരി ലീക്കെ
(C) ജെയ്ൻ ആഡംസ്
(D) മരിയ റസ്സ

38. ഇന്ത്യൻ പാർലമെന്റിന്റെ ഉപരി സഭയായ രാജ്യസഭയിൽ കേരളത്തിൽ നിന്നും എത്ര അംഗങ്ങളുണ്ട്?

(A) 8
(B) 10
(C) 9
(D) 7

39. പ്രധാനമന്ത്രി ചാൻസലറായിട്ടുള്ള ഇന്ത്യയിലെ കേന്ദ്ര സർവ്വകലാശാല ഏത്?

(A) വിശ്വഭാരതി സർവ്വകലാശാല
(B) അലിഗഢ് മുസ്ലീം സർവ്വകലാശാല
(C) ജവഹർലാൽ നെഹ്റു സർവ്വകലാശാല
(D) ബനാറസ് ഹിന്ദു സർവ്വകലാശാല

40. "NITI AAYOG"ലെ NITIയുടെ പൂർണരൂപം എന്ത്?

(A) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫർമേഷൻ ഓഫ് ഇന്ത്യ
(B) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാൻസ്ഫർമേഷൻ ഓഫ് ഇന്ത്യ
(C) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോർമിങ് വിത്ത് ഇന്ത്യ
(D) നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ

41. $a$, 14, $c$ എന്നത് തുക 42 വരുന്ന തുടർച്ചയായ സമാന്തര ശ്രേണിയിലുള്ള സംഖ്യകളാണ്. $a - 5$, 14, $a + c$ എന്നിവ സമഗുണിത ശ്രേണിയിലായാൽ സമാന്തര ശ്രേണിയിലുള്ള സംഖ്യകൾ കാണുക.

(A) 6, 14, 22
(B) 10, 14, 20
(C) 8, 14, 20
(D) 12, 14, 16

42. 24 പുരുഷന്മാർക്ക് ഒരു ജോലി 10 ദിവസം കൊണ്ട് പൂർത്തിയാക്കാമെങ്കിൽ 30 പേർക്ക് എത്ര ദിവസം വേണ്ടി വരും?

(A) 8 ദിവസങ്ങൾ
(B) 9 ദിവസങ്ങൾ
(C) 12 ദിവസങ്ങൾ
(D) 10 ദിവസങ്ങൾ

43. ഒരു തീവണ്ടി ഒരു ടെലഗ്രാഫ് പോസ്റ്റ് 8 സെക്കണ്ടുകൊണ്ടും 105 മീറ്റർ നീളമുള്ള പാലം 20 സെക്കണ്ടുകൊണ്ടും കടന്നുപോകുന്നു തീവണ്ടിയുടെ നീളം എത്ര?

(A) 80 മീറ്റർ
(B) 76 മീറ്റർ
(C) 70 മീറ്റർ
(D) 90 മീറ്റർ

44. നാല് വർഷം കൊണ്ട് ഒരു തുകയുടെ $\frac{9}{25}$ ഭാഗം സാധാരണപലിശയായി ലഭിച്ചു എന്നു കരുതുക. വാർഷിക പലിശനിരക്ക് എത്രയാണ്?

(A) 10%
(B) 9%
(C) 8%
(D) 7%

45. ഒരു ക്ലോക്കിലെ മിനിട്ട് സൂചിയും സെക്കണ്ട് സൂചിയും തമ്മിൽ 35 മിനിട്ട് അകലം ഉണ്ടെങ്കിൽ സൂചികൾ തമ്മിലുള്ള കോണളവ് എത്ര?

(A) 200°
(B) 210°
(C) 195°
(D) 205°

46. രണ്ടു സംഖ്യകളുടെ തുക 18, വ്യത്യാസം 10 ആയാൽ അവയുടെ ഗുണനഫലം എന്താണ്?

(A) 56
(B) 112
(C) 28
(D) 64

47. രണ്ടു സംഖ്യകൾ 2:9 എന്ന അംശബന്ധത്തിലാണ്. ഇവയോട് 3 കൂട്ടിയാൽ അംശബന്ധം 1:3 ആകുമെങ്കിൽ ഇവയിൽ ചെറിയ സംഖ്യ ഏതാണ്?

(A) 8
(B) 4
(C) 9
(D) 18.

48. 280 ഓറഞ്ചുകൾ ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന 50 പേർക്ക് വിതരണം ചെയ്തപ്പോൾ ആൺകുട്ടികൾക്ക് 5 ഓറഞ്ചും പെൺകുട്ടികൾക്ക് 7 ഓറഞ്ചും വീതം ലഭിച്ചു. പെൺകുട്ടികളുടെ എണ്ണം എത്ര?

(A) 30
(B) 35
(C) 15
(D) 20

49. തന്നിരിക്കുന്ന സംഖ്യകളിൽ ഒന്നിന്റെ സ്ഥാനത്തു 3 വരുന്ന സംഖ്യ ഏതാണ്?

(A) $7^{33}$
(B) $7^{34}$
(C) $7^{35}$
(D) $7^{36}$

50. 24 സെന്റിമീറ്റർ നീളമുള്ള ഒരു വയർ വളച്ചുണ്ടാക്കുന്ന ചതുരത്തിന്റെ പരമാവധി പരപ്പളവ് എത്ര?

(A) 36 ചതുരശ്ര സെന്റിമീറ്റർ
(B) 30 ചതുരശ്ര സെന്റിമീറ്റർ
(C) 42 ചതുരശ്ര സെന്റിമീറ്റർ
(D) 46 ചതുരശ്ര സെന്റിമീറ്റർ

51. Choose the right idiom :

He has got _______ of the property.

(A) the lion's share
(B) a canary in a coal mine
(C) to put one's foot
(D) to take the law into one's hand

52. Fill up with suitable tense form :

It _______ since 8 O'clock this morning.

(A) is raining
(B) was raining
(C) has been raining
(D) rains

53. Fill in the blanks choosing the correct form of adjective :

Iron is the _______ of all metals.

(A) most useful
(B) more useful
(C) useless
(D) useful

54. What is the collective noun of penguin?

(A) colony
(B) parliament
(C) swarm
(D) troop

55. He said to me, "Please lend me your bicycle for a day." Can be reported as _______.

(A) He said to me to lend his bicycle for a day.
(B) He requested me to lend me his bicycle for a day.
(C) He requested me to lend him my bicycle for a day.
(D) He told me please lend me your bicycle for a day.

56. Fill in the blanks choosing the right word :

One of the photos _______ lost.

(A) was
(B) were
(C) are
(D) has

57. Fill in the blanks with suitable article:

Jonah completed his studies from _______ university in France.

(A) the
(B) a
(C) an
(D) one

58. Pick out the adverb from the sentence "He has written the answers correctly."

(A) he
(B) has
(C) written
(D) correctly

59. Choose the right answer :

He liked the painting at first _______.

(A) cite
(B) site
(C) sight
(D) cight

60. Fill in the blanks choosing the correct form of verb given in brackets :

If I _______ everything about him, I wouldn't have cared for these silly matters.

(A) know
(B) knew
(C) have known
(D) had known

61. താഴെ തന്നിരിക്കുന്നവയിൽ പക്ഷപാതപരമായ പെരുമാറ്റം എന്ന ആശയം വരുന്ന ശൈലി ഏത്?

(A) അസുരവിത്ത്

(B) ചിറ്റമ്മനയം

(C) ദോഷൈകദൃക്ക്

(D) ഇത്തിൾക്കണ്ണി

62. അദ്രി എന്ന പദത്തിന്റെ സമാനപദം ഏത്?

(A) മഞ്ഞ്

(B) കൊട്ടാരം

(C) സ്വർണ്ണം

(D) പർവ്വതം

63. അഗ്നി എന്ന പദത്തിന് പര്യായമായി വരുന്ന പദക്കൂട്ടം കണ്ടെത്തുക :

(A) തോയം, സലിലം

(B) അനലൻ, വഹ്നി

(C) അനിലൻ, മാരുതൻ

(D) ഏണം, ഹരിണം

64. സുന്ദരദൃഷ്ടി എന്ന പദം ഘടകങ്ങളാക്കുമ്പോൾ വരുന്നത്?

(A) സൗന്ദര്യദൃഷ്ടി

(B) സുന്ദരവും ദൃഷ്ടിയും

(C) സുന്ദരമായ ദൃഷ്ടി

(D) ദൃഷ്ടിയും സൗന്ദര്യവും

65. താഴെ തന്നിരിക്കുന്നവയിൽ അലിംഗബഹുവചനത്തിനുദാഹരണം കണ്ടെത്തുക :

(A) പെൺകുട്ടികൾ

(B) നദികൾ

(C) ഭാര്യമാർ

(D) മക്കൾ

66. ഏകത്വം എന്ന പദത്തിന്റെ വിപരീത പദം ഏത്?

(A) നാനാത്വം

(B) അന്യായം

(C) ഉന്നതം

(D) ന്യൂനം

67. ഭിക്ഷു എന്ന പദത്തിന്റെ സ്ത്രീലിംഗ പദം ഏത്?

(A) ഭിക്ഷക്കാരി

(B) ഭിക്ഷുകി

(C) ഭിക്ഷിണി

(D) യാചകി

68. അഭി + ഉദയം എന്ന പദം ചേർത്തെഴുതുമ്പോൾ വരാവുന്നത്?

(A) അഭിദയം

(B) അഭോദയം

(C) അഭൗദയം

(D) അഭ്യുദയം

69. താഴെ തന്നിരിക്കുന്നവയിൽ ശുദ്ധരൂപം കണ്ടെത്തുക :

(A) അധഃകൃതൻ

(B) അഥിതി

(C) ഗ്രഹസ്ഥൻ

(D) ദുഗ്ദം

70. ഒന്നാമനായി ഗണിക്കപ്പെട്ടവൻ എന്നർത്ഥം വരുന്ന പദം ഏത്?

(A) നേതാവ്

(B) രാജാവ്

(C) അഗ്രഗണ്യൻ

(D) പ്രഥമൻ

71. $x = 2$ ആണെങ്കിൽ $x + 10$ ന്റെ വില എന്തെന്ന് കണക്കാക്കുക :

(A) 2

(B) 8

(C) 10

(D) 12

72. വ്യത്യസ്ത പ്രോട്ടോക്കോൾ ഉള്ള നെറ്റ് വർക്കുകളെ പരസ്പരം കൂട്ടിയിണക്കുന്ന ഉപകരണം :

(A) റൂട്ടർ

(B) ബ്രിഡ്ജ്

(C) സ്വിച്ച്

(D) ഗേറ്റ് വേ

73. ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

(A) ടിം ബർണേഴ്സ് ലി

(B) വിന്റൺ ഗ്രെ സർഫ്

(C) അലൻ ട്യൂറിങ്

(D) ചാൾസ് ബാബേജ്

74. ഒറ്റയാനെ കണ്ടെത്തുക :

(A) മോസില്ല ഫയർഫോക്സ്

(B) ഗൂഗിൾ

(C) സഫാരി

(D) ഓപ്പറ

75. താഴെ തന്നിട്ടുള്ളവയിൽ ഒരു അപ്ലിക്കേഷൻ സോഫ്റ്റ്വെയർ അല്ലാത്തത് ഏത്?

(A) Libre Office Calc

(B) GIMP

(C) Tupi 2D

(D) Ubundu

76. താഴെ തന്നിട്ടുള്ളവയിൽ ഒരു ഇൻപുട്ട് ഡിവൈസ് ആയി പ്രവർത്തിക്കുന്നത് ഏത്?

(A) സ്കാനർ

(B) പ്രിന്റർ

(C) CRT മോണിറ്റർ

(D) LCD മോണിറ്റർ

77. ഒരു ടൗൺ പരിധിയിലുള്ള വാർത്താവിനിമയ ഉപകരണങ്ങളെ കൂട്ടിയിണക്കുന്ന നെറ്റ് വർക്ക് സംവിധാനത്തിന്റെ പേര് :

(A) LAN

(B) WAN

(C) MAN

(D) PAN

78. ISCIIയുടെ പൂർണ്ണരൂപം തിരഞ്ഞെടുക്കുക :

(A) ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർ ചെയ്ഞ്ച്

(B) ഇന്ത്യൻ സർവീസ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർ ചെയ്ഞ്ച്

(C) ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇന്റലിജൻസ് ഇന്റർ ചെയ്ഞ്ച്

(D) ഇന്ത്യൻ സർവീസ് കോഡ് ഫോർ ഇന്റലിജൻസ് ഇന്റർ ചെയ്ഞ്ച്

79. ഉപയോഗപ്രദമായി തോന്നിക്കുകയും പക്ഷേ ഇൻസ്റ്റാൾ ചെയ്യുമ്പോൾ കമ്പ്യൂട്ടറിലെ ഫയലുകളെയും വിവരങ്ങളെയും നശിപ്പിക്കുന്ന സോഫ്റ്റ്‌വെയറിന് പറയുന്ന പേര് :

(A) Trojan horse

(B) Spam

(C) Virus

(D) Hacking

80. C++ ലാംഗ്വേജിൽ കീവേർഡ് അല്ലാത്തത് ഏത്?

(A) else

(B) class

(C) add

(D) float

81. 'ഐതിഹ്യമാല'യുടെ രചയിതാവ്

(A) കൊട്ടാരത്തിൽ ശങ്കുണ്ണി
(B) രാമപുരത്ത് വാര്യർ
(C) ഇളംകുളം കുഞ്ഞൻപിള്ള
(D) ഇടശ്ശേരി ഗോവിന്ദൻ നായർ

82. 'അന്യോന്യം' എന്ന വേദപാരായണ മത്സരത്തിന് വേദിയാകുന്ന ക്ഷേത്രം :

(A) തൃപ്രയാർ
(B) കടവല്ലൂർ
(C) തിരുനാവായ
(D) ശുകപുരം

83. 'കാവുതീണ്ടൽ' എന്തുമായി ബന്ധപ്പെട്ടതാണ്?

(A) ആലുവാ ശിവരാത്രി
(B) ആറാട്ടുപുഴ പൂരം
(C) ആറ്റുകാൽ പൊങ്കാല
(D) കൊടുങ്ങല്ലൂർ ഭരണി

84. കൃഷ്ണനാട്ടം ചിട്ടപ്പെടുത്തിയത് :

(A) കുഞ്ചൻ നമ്പ്യാർ
(B) അമ്മന്നൂർ മാധവചാക്യാർ
(C) സാമൂതിരി മാനവേദൻ
(D) സ്വാതി തിരുനാൾ

85. പാഠകത്തിന് അടിസ്ഥാനമായി എന്നുകരുതുന്ന കലാരൂപം :

(A) കഥകളി
(B) ചാക്യാർകൂത്ത്
(C) ഭരതനാട്യം
(D) പാവകൂത്ത്

86. പന്ത്രണ്ട് വർഷത്തിലൊരിക്കൽ തിരുനാവായിൽ വച്ച് നടന്നിരുന്ന ഉത്സവം :

(A) പടയണി
(B) പൂരക്കളി
(C) മാമാങ്കം
(D) വേലകളി

87. കൊച്ചിൻ ദേവസ്വം ബോർഡിന്റെ മുഖമാസിക :

(A) സന്നിധാനം
(B) ക്ഷേത്ര ചൈതന്യം
(C) ക്ഷേത്ര ദർശനം
(D) ഭക്തപ്രിയ

88. കേരളത്തിലെ വാമന ക്ഷേത്രം :

(A) തൃക്കാക്കര
(B) കൊട്ടിയൂർ
(C) ചോറ്റാനിക്കര
(D) ഓച്ചിറ

89. 'ദക്ഷിണദ്വാരക' എന്നറിയപ്പെടുന്നത് :

(A) ഗുരുവായൂർ
(B) കൂടൽമാണിക്യം
(C) തിരുനക്കര
(D) ഐരാണിക്കുളം

90. ഉണ്ണായിവാര്യർ സ്മാരക കലാനിലയം എവിടെയാണ്?

(A) തിരുവനന്തപുരം
(B) കോഴിക്കോട്
(C) ചെറുതുരുത്തി
(D) ഇരിങ്ങാലക്കുട

91. കോഴിക്കോട് തളിക്ഷേത്രത്തിൽ നടന്നുവന്നിരുന്ന പണ്ഡിത സദസ്സ്

(A) രേവതി പട്ടത്താനം
(B) നവരത്നങ്ങൾ
(C) വാരമിരിക്കൽ
(D) അഷ്ടപ്രധാൻ

92. മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനം

(A) കണ്ണൂർ
(B) പാലക്കാട്
(C) കോഴിക്കോട്
(D) തിരൂർ

93. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റ് :

(A) പി.ടി. മോഹനകൃഷ്ണൻ
(B) ടി.വി. ചന്ദ്രമോഹൻ
(C) എ. പത്മകുമാർ
(D) ഓ.കെ. വാസുമാസ്റ്റർ

94. കഥകളിയുടെ ഉപജ്ഞാതാവായി കരുതുന്നത് :

(A) വള്ളത്തോൾ
(B) ഇരയിമ്മൻ തമ്പി
(C) കൊട്ടാരക്കര തമ്പുരാൻ
(D) ആലത്തൂർ നമ്പി

95. തിരുവിതാംകൂർ - കൊച്ചി സംസ്ഥാനം രൂപംകൊണ്ട വർഷം :

(A) 1947
(B) 1949
(C) 1950
(D) 1956

96. യുനെസ്കോയുടെ പൈതൃക പട്ടികയിലിടം നേടിയ ക്ഷേത്ര കലാരൂപം :

(A) കൃഷ്ണനാട്ടം
(B) കഥകളി
(C) ഓട്ടൻ തുള്ളൽ
(D) കൂടിയാട്ടം

97. കേരളത്തിൽ 'കർഷകദിന'മായി ആഘോഷിക്കുന്നത് :

(A) ചിങ്ങം ഒന്ന്
(B) കന്നി ഒന്ന്
(C) തുലാം ഒന്ന്
(D) വൃശ്ചികം ഒന്ന്

98. തൃശ്ശൂർ പൂരത്തിന് തുടക്കം കുറിച്ചത് :

(A) മാർത്താണ്ഡവർമ്മ
(B) ശക്തൻ തമ്പുരാൻ
(C) രാമവർമ്മ
(D) രാജശേഖര വർമ്മൻ

99. 'ജ്ഞാനപ്പാന'യുടെ കർത്താവ് :

(A) ചെറുശ്ശേരി
(B) എഴുത്തച്ഛൻ
(C) പൂന്താനം നമ്പൂതിരി
(D) മേൽപ്പത്തൂർ ഭട്ടതിരി

100. ദശപുഷ്പങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തതേത്?

(A) കറുക
(B) നിലപ്പന
(C) മുക്കുറ്റി
(D) ചെമ്പരത്തി